(എ) തിരുവനന്തപുരം കോർപ്പറേഷൻ ഏറ്റെടുത്ത പാർവതീ പുത്തനാർ ശുചീകരണ പദ്ധതിയുടെ ഉദ്ഘാടനം സംബന്ധിച്ച പരസ്യത്തിലും ഉദ്ഘാടന ചടങ്ങിനുമായി എത്ര രൂപ ചെലവായി;

(ബി) ഈ പദ്ധതിയുടെ ഉദ്ഘാടനം നടന്നപ്പോഴുള്ള മതിപ്പുചെലവ് എത്രയാണ്;

(സി) എത്രരൂപ ഇതേവരെ ഈ പണിക്കായി ചെലവിട്ടു;

(ഡി) എത്ര ശതമാനം ജോലി പൂർത്തിയായി?

ഉത്തരം

(എ) ഇതിനായി നഗരസഭ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ബി) 31,85,000 രൂപ.

(സി) 1,58,000 രൂപ.

(ഡി) 4.26 ശതമാനം.

പ്രധാന നഗരങ്ങളിലെ കൊതുകുശല്യം പരിഹരിക്കുവാൻ നടപടി

117 (2174) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാന നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന കൊതുകുശല്യം പരിഹരിക്കുവാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ കൊതുകുശല്യം പരിഹരിക്കുന്നതിന് ആവശ്യമായ നൂതന പദ്ധതിക്ക് രൂപം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ കൊതുകു നിവാരണ പ്രവർത്തങ്ങൾക്കായി സംസ്ഥാന ആരോഗ്യവകുപ്പും ബന്ധപ്പെട്ട നഗരസഭകളും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കൊതുകു ലാർവ നിവാരണനടപടികളിൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള നിവാരണ പ്രവർത്തനങ്ങളാണ് മുഖ്യമായും നടപ്പിലാക്കി വരുന്നത്. ലാർവ പെരുകുന്ന സ്ഥലങ്ങൾ കണ്ടുപിടിച്ച് അവിടങ്ങളിൽ ക്രമമായി ആന്റി ലാർവൽ സ്പ്രേയിംഗ് നടത്തുക, മലിനജലം ഒഴുകുന്ന ഓടകളിൽ കൃത്യമായ ശുചീകരണം നടത്തുക, സെപ്റ്റിക് ടാങ്കുകളും സോക്കുപിറ്റുകളും അതോടനുബന്ധിച്ച കുഴലുകളും ഭദ്രമായി സൂക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുക, സെപ്റ്റിക് ടാങ്കുകളുടെ വെന്റ് പൈപ്പുകളിൽ നെറ്റ് കെട്ടുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. ഇതിനു പുറമേ കൊതുകുശല്യം വർദ്ധിച്ചുവരുന്ന സന്ദർഭങ്ങളിൽ കൊതുകുകളെ നശിപ്പിക്കുന്നതിന് ഫോഗിംഗും നഗരസഭകൾ നടത്തുന്നുണ്ട്. കൊതുകു നിയന്ത്രണം സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികളും നഗരസഭകൾ നടത്തുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly